DESPATCHED
On...13/8/21...

418/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം-695 001

Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920

Email: sic.ker@nic.in

ഹർജി നമ്പർ **AP 498(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.4767 /SIC-Gen4/2021**

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 ആഗസ്റ്റ് 4

ശ്രീമതി. ദിവ്യ വിശ്വനാഥൻ,
ഹൗസ് നമ്പർ 16/972, ' സ്വസ്തികം'
ചെറികണ്ണികരുവൻകാവ് പറമ്പ്,
ആനി ഹാൾ റോഡ്, ചാലപ്പുറം പി.ഒ.,
കോഴിക്കോട് – 673 002. } അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഇൻസ്പെക്ടർ എസ്.എച്ച്.ഒ.,
നഗരം പോലീസ് സ്റ്റേഷൻ,
കോഴിക്കോട് സിറ്റി.
2. അപ്പീൽ അധികാരി &
പോലീസ് അസിസ്റ്റന്റ് കമ്മീഷണർ,
സൗത്ത്, കോഴിക്കോട് സിറ്റി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 30.11.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | രേഖപ്പെടുത്തിയിട്ടില്ല |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 20.1.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 10.2.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 7.4.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 9.4.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.4.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 25.6.2021 |
| ഹിയറിംഗ് (വീഡിയോ) തീയതി | 3.8.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ | ഹർജിക്കാരിക്കുവേണ്ടി പ്രതിനിധി (അഡ്വക്കേറ്റ്) ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. ദിവ്യ വിശ്വനാഥൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരിയുടെ വീട്ടിൽ നടന്ന

മോഷണവുമായി ബന്ധപ്പെട്ട് ഒരു പരാതി ടിയാൾ 14.11.2020 തീയതി ഒന്നാം എതിർകക്ഷി ഓഫീസിൽ നേരിട്ട് പോയി സമർപ്പിച്ചിരുന്നു എന്നും ടി പരാതിയിന്മേൽ സ്വീകരിച്ച നടപടി വിവരം അന്വേഷിച്ചുകൊണ്ട് 30.11.2020 തീയതി വിവരാവകാശ നിയമ പ്രകാരം ഒരപേക്ഷ നൽകി എന്നും ആയതിന് ഒന്നാം എതിർകക്ഷി തീയതി രേഖപ്പെടുത്താതെ നൽകിയ മറുപടിയിൽ മേൽപ്പടി പരാതി ടി പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടില്ലെന്നാണ് അറിയിച്ചത് എന്നും തുടർന്ന് രണ്ടാം എതിർകക്ഷി മുമ്പാകെ 20.1.2021 തീയതി അപ്പീൽ സമർപ്പിച്ചു എന്നും മേൽപ്പടി അപ്പീൽ തീർപ്പാക്കി ഹർജിക്കാരിയ്ക്ക് നൽകിയ മറുപടിയിലും ഒന്നാം എതിർകക്ഷി നൽകിയ മറുപടി തന്നെയാണ് ആവർത്തിച്ചതെന്നും ആയതിനാൽ ടിയാൾ 14.11.2020 സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 30.11.2020 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് ടിയാളുടെ വീട്ടിൽ നടന്ന മോഷണവുമായി ബന്ധപ്പെട്ട് 14.11.2020 ന് നൽകിയ പരാതിയിലെ കുറ്റക്കാരെ കണ്ടെത്തിയോ എന്നും കണ്ടെത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് തീയതി രേഖപ്പെടുത്താതെ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, 14.11.2020 തീയതി രേഖപ്പെടുത്തി സമർപ്പിച്ച പരാതി മേൽപ്പടി പോലീസ് സ്റ്റേഷനിൽ രേഖാമൂലം ലഭിച്ചിട്ടില്ലെന്നും ആയത് സംബന്ധിച്ച് തുടർ നടപടികൾ ആവശ്യമുണ്ടെങ്കിൽ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടുന്ന പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നതാണെന്നുമാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ലെന്നും, എന്നാൽ പോസ്റ്റൽ സീലിൽ 11.1.2021 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും, 14.11.2020 തീയതി രേഖപ്പെടുത്തി സമർപ്പിച്ച പരാതി മേൽപ്പടി പോലീസ് സ്റ്റേഷനിൽ രേഖാമൂലം ലഭിച്ചിട്ടില്ലെന്നുമാണ്. മേൽപ്പടി അപ്പീൽ ഹർജിയ്ക്ക് നൽകിയ മറുപടിയിൽ രണ്ടാം എതിർകക്ഷി അറിയിച്ചത്, അപ്പീൽ അപേക്ഷയെ തുടർന്ന് ടൗൺ പോലീസ് സ്റ്റേഷനിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു എന്നും ടി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്, 14.11.2020 തീയതിയിലെ ഹർജിക്കാരിയുടെ പരാതി ഒന്നാം എതിർകക്ഷി ഓഫീസിലെ ബന്ധപ്പെട്ട ആരും തന്നെ കൈപ്പറ്റിയിട്ടില്ലെന്നും വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നും മറ്റുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീമതി. ദിവ്യ വിശ്വനാഥൻ 11.11.2020 തീയതി ടിയാളുടെ വീട് പൂട്ടി പാലക്കാട് പോയതിൽപ്പിന്നെ 13.11.2020 തീയതി തിരിച്ച് വീട്ടിലെത്തിയതിൽ വീട്ടിൽ ആരോ അതിക്രമിച്ച് കയറി ചില്ലറ പൈസ സൂക്ഷിച്ചിരുന്ന രണ്ട് പെട്ടികൾ കാണാതാവുകയും സുമാർ 2000/-രൂപ നഷ്ടപ്പെട്ടു എന്നുള്ള കാര്യത്തിന് കോഴിക്കോട് സിറ്റി ടൗൺ പോലീസ് സ്റ്റേഷനിൽ പരാതി നൽകി എന്ന കാര്യത്തിന് ടൗൺ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ വിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടതിൽ പ്രസ്തുത പരാതി സ്റ്റേഷനിൽ ലഭിച്ചിട്ടില്ലെന്നും ആയത് സംബന്ധിച്ച തുടർ നടപടികൾ ആവശ്യമുണ്ടെങ്കിൽ സ്റ്റേഷനുമായി ബന്ധപ്പെടുന്ന പ്രകാരം കേസ് രജിസ്റ്റർ ചെയ്യുമെന്ന് ഹർജിക്കാരിയെ വിവരമറിയിച്ചിട്ടുള്ളതുമാണെന്നും പിന്നീട് സ്റ്റേഷനിൽ നിന്നും ടിയാളുടെ ഫോണിലേക്ക് നിരന്തരം ബന്ധപ്പെടാൻ ശ്രമിച്ചതിൽ സാധിച്ചിട്ടില്ലെന്നും സ്റ്റേഷനിൽ നിന്നും പോലീസ് പാർട്ടി ഹർജിക്കാരിയുടെ വീട്ടിൽ നേരിട്ട് ചെന്നതിൽ വീട് പൂട്ടിക്കിടക്കുന്നതായുള്ള വിവരം ലഭിച്ചിട്ടുള്ളതാണെന്നും ടിയാളുടെ പരാതിയ്ക്ക് സമയബന്ധിതമായി തന്നെ മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ 14.11.2020 ന് അപ്പീൽ ഹർജിക്കാരി പോലീസ് സ്റ്റേഷനിൽ നേരിട്ട് എത്തി ശ്രീ. ഉമേഷ് വശം നൽകിയ പരാതി ലഭിച്ചിട്ടില്ലെന്ന് 30.11.2020 ന് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. അതുപോലെ തന്നെ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി തന്നെ മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും നൽകിയ മറുപടിയിൽ തീയതി വയ്ക്കാതെ നൽകിയതായും കാണുന്നു. ആയതിനാൽ അപ്പീൽ ഹർജിക്കാരി ഒന്നാം എതിർകക്ഷി ഓഫീസിൽ നേരിട്ടെത്തി 14.11.2020 രേഖപ്പെടുത്തി ശ്രീ. ഉമേഷ് വശം സമർപ്പിച്ച പരാതി ലഭിച്ചിട്ടില്ല എന്ന് വിവരാവകാശ നിയമ പ്രകാരം മറുപടി നൽകുവാനുണ്ടായ സാഹചര്യം സംബന്ധിച്ച് രണ്ടാം എതിർകക്ഷി അന്വേഷണം നടത്തി ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം കമ്മീഷനിൽ റിപ്പോർട്ട് ഹാജരാക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അപ്പീൽ ഹർജിക്കാരി നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിരുന്നോ എന്ന കാര്യം പരിശോധിക്കുന്നതിനായി ഹർജിക്കാരിക്ക് മറുപടി അയച്ചു കൊടുത്ത ഡെസ്പാച്ച് കം സ്റ്റാമ്പ് രജിസ്റ്ററിന്റെ പകർപ്പ് ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണെന്നു കമ്മീഷൻ നിർദ്ദേശിക്കുന്നു. ടി റിപ്പോർട്ടുകൾ പരിശോധിച്ച് സമയബന്ധിതമായി വിവരാവകാശ അപേക്ഷയ്ക്ക് മറുപടി

നൽകിയിരുന്നോ എന്ന കാര്യം കമ്മീഷൻ പരിശോധിച്ച് ആവശ്യമെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

6. 14.11.2020-ന് സമർപ്പിച്ച പരാതി ലഭിച്ചിട്ടില്ല എന്ന് അറിഞ്ഞതിന് ശേഷവും അപ്പീൽ ഹർജിക്കാരി ഒന്നാം എതിർകക്ഷി ഓഫീസിൽ വീണ്ടും പരാതി നൽകിയിരുന്നു എന്ന് ഹിയറിംഗ് വേളയിൽ ഹർജിക്കാരിക്കുവേണ്ടി ഹാജരായ അഡ്വക്കേറ്റ് കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ അത്തരം പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി വിവരം ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ഒന്നാം എതിർകക്ഷി ഹർജിക്കാരിക്ക് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ആഗസ്റ്റ് 4-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA * THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk